# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3684 15/07/2015 -ൽ മറുപടിയ്ക്ക്

## ദുരിതാശ്വാസ നിധി തുക ലഭിക്കാനുള്ള കാലതാമസം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ബി.സത്യൻ | | **ശ്രീ.എ.പി. അനിൽകുമാർ,**<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| എ) | പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമ വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന തുക ഉത്തരവായി ഡയറക്ടറേറ്റിൽ എത്താൻ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | സെക്രട്ടേറിയേറ്റിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന(എ,എഫ്) വകുപ്പുകളിലാണ് ഈ വിഷയം കൈകാര്യം ചെയ്തു വരുന്നത്. ദുരിതാശ്വാസ നിധിയിലെ തുക വിതരണം ചെയ്യുന്നതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഓരോ സെക്ഷനിലും രണ്ട്(2) ടൈപ്പിസ്റ്റ് തസ്തികകൾ അനുവദിച്ചിരുന്നു. എന്നാൽ "എ" സെക്ഷനിലെ ഒരു ടൈപ്പിസ്റ്റു തസ്തിക അവിടെ നിന്നു മാറ്റി പൊതുഭരണ വകുപ്പ് ഉത്തരവായ സാഹചര്യത്തിൽ "എ" സെക്ഷനിൽ ഇപ്പോൾ ഒരു ടൈപ്പിസ്റ്റ് തസ്തിക മാത്രമാണുള്ളത്. ഇത് കാലതാമസത്തിന് ഇടയാക്കിയിട്ടുണ്ട്. അതിനൊപ്പം "എ" സെക്ഷനിലെ ടൈപ്പിസ്റ്റ് പ്രൊമോഷൻ ആയി പോയതിനു ശേഷം പുതിയ ടൈപ്പിസ്റ്റിനെ നിയമിക്കാൻ കാലതാമസം ഉണ്ടായതിനാൽ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനും കാലതാമസം ഉണ്ടായിട്ടുണ്ട്. ഇപ്പോൾ ഒരു പുതിയ ടൈപ്പിസ്റ്റിനെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത ഗവൺമെന്റ് ഉത്തരവുകൾ അടിയന്തിരമായി പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. "എഫ്" സെക്ഷനിൽ നിലവിൽ ഉണ്ടായിരുന്ന രണ്ട് ടൈപ്പിസ്റ്റുമാരിൽ ഒരാൾ ട്രാൻസ്ഫർ ആയി പോയതിനാൽ ഒരു സീറ്റ് ഒഴിഞ്ഞു കിടക്കുകയാണ്. പുതിയ ടൈപ്പിസ്റ്റിനെ ഉടനെ നിയമിക്കണമെന്ന് പൊതുഭരണ വകുപ്പിനോടു ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി) | പ്രസ്തുത ഉത്തരവിറക്കേണ്ട സെക്ഷനുകളിൽ ടൈപ്പിസ്റ്റുമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | ബി) | |
| സി) | ടൈപ്പിസ്റ്റുമാരുടെ ഒഴിവുകൾ നികത്തുന്നതിനും ഉത്തരവുകളിറക്കുന്നതിനുമുള്ള കാലതാമസം ഒഴിവാക്കാനും നടപടി സ്വീകരിക്കാമോ? | സി) | |

സെക്ഷൻ ഓഫീസർ.